കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടരിക്കോട് ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ എസ് എ എം പി എം .14/1341/2017

കേരള സംസ്ഥാന ഓഡിറ്റ്
മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം
തീയതി.15-07-2017

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടരിക്കോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടരിക്കോട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ളഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായിചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http:aims.ksad.kerala.gov.in esubmission)അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

mac.7/17

നം കെ എസ് എ എം പി എം.14/1341/2017 തിയ്യതി:15-07-2017

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 06.11.2016 മുതൽ 31.5.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായിനടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എ എസ് ഷാജഹാൻ ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 01.6.2017 മുതൽ 9.6.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ ദിനേശൻ. എം | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി ടി.പിസൽമത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ അബ്ദുൾ റഷീദ്.എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ റിഷിൽ .പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | (1) | ശ്രീമതി ആബിദ തൈക്കാടൻ | 01.04.16മുതൽ 31.03.17വരെ |
| സെക്രട്ടറി | : | | ശ്രീ എം പി വേണുഗോപാൽ (സെക്രട്ടറി ഇൻ ചാർജ്) | 01.04.16മുതൽ 24.08.16വരെ |
| | | | ശ്രീ കെ. ജയൻ | 25.08.16മുതൽ 14.11.16വരെ |
| | | | ശ്രീ വി.വിജയകുമാർ (സെക്രട്ടറി ഇൻ | 15.11.16മുതൽ |

| | | | | |
|---|---|---|---|---|
| | | | ചാർജ്) | 01.12.16വരെ |
| | | | ശ്രീ സുരേന്ദ്രൻ.ജി (സെക്രട്ടറി ഇൻ ചാർജ്) | 02.12.16മുതൽ 22.12.16വരെ |
| | | | ശ്രീ എം.എം അന്ത്രു | 23.12.16മുതൽ 20.01.17വരെ |
| | | | ശ്രീ വി.ബിനകുമാർ (സെക്രട്ടറി ഇൻ ചാർജ്) | 21.01.17മുതൽ 31.03.17വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | | ശ്രീ എം പി വേണുഗോപാൽ | 01.04.16മുതൽ 24.08.16വരെ |
| | | | ശ്രീ വി.ബിനകുമാർ | 25.08.16മുതൽ 31.3.17വരെ |
| കൃഷി ഓഫീസർ | | | ശ്രീ എൻ അജിതൻ | 01.04.16മുതൽ 31.03.17വരെ |
| വെറ്ററിനറി സർജൻ | | | ഡോ. സക്കീർ ഹുസൈൻ | 01.04.16മുതൽ 31.03.17വരെ |
| ഹെഡ് മാസ്റ്റർ | | | ശ്രീ റോയ് മാത്യു | 01.04.16മുതൽ 31.03.17വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | (1) | ശ്രീ മനോജ് . വി | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ -ആയുർവേദം | | | ഡോ. ഷെമി കെ മുഹമ്മദ് | 01.04.16മുതൽ 10.8.16വരെ |
| | | | ഡോ. ഉമ വേണുഗോപാൽ | 11.08.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ -അലോപ്പതി | | | ഡോ. പി രഞ്ജിത്ത് | 01.04.16മുതൽ 31.03.17വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | | 1 | ശ്രീമതി ലുബ്ന ടി | 01.04.16മുതൽ 31.03.17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | | ശ്രീ അരുൺ നാരായണൻ | 01.04.16മുതൽ 01.08.16വരെ |
| | | | ശ്രീമതി ജുമൈലത്ത്.വി.വി | 02.08.16മുതൽ 31.03.17വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 1 | കോട്ടക്കൽ ഫെസ്റ്റ് 2017-വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് നൽകിയത് നിയമപ്രകാരമല്ല | 2-1 | |
| 2 | ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് ഫീസ് പിരിവും- അപാകതകൾ | 2-2 | |
| 3 | തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 2-3 | |
| 4 | വസ്തുനികുതി പിരിവി കാര്യക്ഷമമല്ല | 2-4 | |
| 5 | തൊഴിൽ നികുതി - തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. | 2-5 | |
| | ഭാഗം 3 | | |
| 1 | കുഴൽക്കിണറുകൾ അറ്റകുറ്റപ്പണി നടത്തിയത് - ക്രമക്കേട് സംബന്ധിച്ച് | 3-1 | |
| 2 | വാഹനത്തിൽ ഇന്ധനം നിറച്ചത് - അപാകതകൾ സംബന്ധിച്ച് | 3-2 | |
| 3 | വരൾച്ചാ ദുരിതാശ്വസം - കുടിവെള്ള വിതരണം നടത്തിയത് - അപാകതകൾ സംബന്ധിച്ച്. | 3-3 | |
| 4 | ക്ഷാമ ബത്ത കുടിശ്ശിക നൽകിയത് - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല. | 3-4 | |
| 5 | ദിനപ്പത്രങ്ങളുടെ വില നൽകിയത് - അപാകതകൾ സംബന്ധിച്ച് | 3-5 | |
| 6 | ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് പണം അടച്ചത് സംബന്ധിച്ച് | 3-6 | |
| 7 | പൊതു മരാമത്ത് പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ വൻ കുറവ് | 3-7 | |
| 8 | SSA വിഹിതം – വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായില്ല | 3-8 | |
| 9 | സംയുക്ത പ്രൊജക്ടുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 3-9 | |
| 10 | പി.എച്ച്.സി യിലേക്ക് പ്രൊജക്ട് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിയില്ല. | 3-10 | |
| 11 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-11 | |

| | | | |
|---|---|---|---|
| 12 | ആശ്രയ പദ്ധതി - ഗ്രാമ പഞ്ചായത്തിന്റെ ഗുരുതരമായ അനാസ്ഥ | 3-12 | |
| | ഭാഗം 4 | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1. | |
| 2 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്: | 4-3. | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4. | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5. | |
| 6 | ഓഡിറ്റ് റിക്കവറി | 4-6. | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7. | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29.02.2016 ലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.02.2017 ലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 17.05.17 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 6/6/17 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

എടരിക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2016-17 വർഷം പുതിയതായി ആർജ്ജിച്ച ആസ്തികളെ ഉൾപ്പെടുത്തി അസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. വസ്തു നികുതി- തൻവർഷ ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.
3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി (ട്രേഡ്സ്) വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.

| വാർഷിക കണക്കു പ്രകാരം വരവ് (എംപ്ലോയീസ്) | ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവ് | വ്യത്യാസം |
|---|---|---|

| | | |
|---|---|---|
| 1813700 | 1816820 | 3120 |

4. ബിൽഡിംഗ് പെർമിറ്റ് ഫീ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല.

5. D & O Licence Fee രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല.

6.വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 6088543

വരവ് - 36473030

ആകെ - 42561573

ചെലവ് - 32956976

നീക്കിയിരിപ്പ്- 9604597

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ACR പ്രകാരം നീക്കിയിരിപ്പ് | AFS പ്രകാരം നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8961287 | 8961287 | 8703323 | 257964 | 0 | 97 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2059695 | 2059695 | 1504879 | 554816 | 0 | 73 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7867980 | 7867980 | 2069768 | 5798212 | 0 | 26.30 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2827848 | 2827848 | 1897732 | 930116 | 0 | 67 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5026001 | 5026001 | 1218295 | 3807706 | 0 | 87.24 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1940099 | 1940099 | 1052258 | 887841 | 0 | 54 |
| എം.എൻ.ആർ.ഇ.ജി.എസ്. | 454 | 3707190 | 3707644 | 3698685 | - | 8959 | 99.77 |
| ബി ഫണ്ട് | 0 | 19162700 | 19162700 | 19162700 | | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 42971502 | 91 | 22692351 | 9 | 66 | 54.82 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.46 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 4505345 | 8333251 | +3827906 | 45 |
| നികുതിയേതര വരവുകൾ | 701871 | 1150903 | +449032 | 39 |
| മറ്റുവരവുകൾ | 7235766 | 7957512 | +721746 | 9 |
| ആകെ | 12442982 | 17441666 | 4998684 | 40 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24120 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 1149550 | 130 |
| വിധവാപെൻഷൻ | 8590390 | 915 |
| വാർദ്ധക്യകാലപെൻഷൻ | 6229915 | 745 |
| വികലാംഗപെൻഷൻ | 2751335 | 283 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 202390 | 18 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 180000 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 101786/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

അസിസ്റ്റന്റ് എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കെട്ടിട നിർമ്മാണ ലൈസൻസ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വസ്തു നികുതി- തൻവർഷ ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി (ട്രേഡേഴ്സ്) വരവ് വിവരങ്ങൾ ഡിമാൻറ് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. ബിൽഡിംഗ് പെർമിറ്റ് ഫീ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല. D & O Licence Fee രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല. രജിസ്റ്ററുകൾ യഥാവിധി യഥാസമയം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.3.17 | 2017 ജനവരി | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14/12/09 | 2004-05 മുതൽ2008-09 വരെ | 15.01.2010 |

## ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കോട്ടക്കൽ ഫെസ്റ്റ് 2017-വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് നൽകിയത് നിയമപ്രകാരമല്ല

2016-17 ൽ കോട്ടക്കൽ ഫെസ്റ്റ് എന്ന പേരിൽ എടരിക്കോട് ഗ്രാമ പഞ്ചായത്തിലെ മമ്മാലിപ്പടി എന്ന സ്ഥലത്ത് വച്ച് നടന്ന എക്സിബിഷന്റെ വിനോദ നികുതി 5,00,000/- രൂപക്ക് കോമ്പൗണ്ട് ചെയ്ത് അടവാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 27.2.2017-ലെ 17-ാം നമ്പർ തീരുമാനപ്രകാരം ജോർജ് വില്യംസ് (Manager, Fun World & resorts India Pvt.Ltd) എന്നയാൾക്ക് അനുമതി നൽകുകയും അതനുസരിച്ച് 3.3.2017 ന് തുക അടവാക്കുകയും ചെയ്തു. കോമ്പൗണ്ട് ചെയ്തതിന് ശേഷവും ടിക്കറ്റ് വിൽപന പരിശോധന നടത്തി കൂടുതൽ ടിക്കറ്റ് വിൽപന നടത്തുന്ന പക്ഷം ആനുപാതിക നികുതി ഈടാക്കുമെന്ന വ്യവസ്ഥയിലാണ് പഞ്ചായത്ത് ഈ തീരുമാനം എടുത്തത് .

1961-ലെ Kerala Local Authorities Entertainments Tax Act-ലെ 3(B) വകുപ്പ് പ്രകാരം അമ്യൂസ്മെന്റ് പാർക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് വിനോദ നികുതി കോമ്പൗണ്ട് ചെയ്തിട്ടുള്ളത് . യഥാർത്ഥത്തിൽ ആക്ടിലെ വകുപ്പ് 3 പ്രകാരം 24% ത്തിൽ കുറയാതെയും 48% ത്തിൽ കൂടാതെയും വിനോദ നികുതി ചുമത്തേണ്ടിയിരുന്നു. ആയത് പാലിക്കാതെ വിനോദ നികുതി കോമ്പൗണ്ട് ചെയ്തു നൽകി.

മേൽ ആക്ടിലെ വകുപ്പ് 3(B) - യുടെ വിശദീകരണം 1 പ്രകാരം വിനോദത്തിന് വേണ്ടിയുള്ള സ്ഥിരം സംവിധാനങ്ങളാണ് അമ്യൂസ്മെന്റ് പാർക്ക് വിഭാഗത്തിൽ ഉൾപ്പെടുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത എക്സിബിഷൻ ഫെബ്രുവരി 14 മുതൽ മാർച്ച് 19 വരെ നടക്കുന്നതും നാലാഴ്ച്ച നീണ്ടുനിൽക്കുന്നതുമായ ഒരു താൽക്കാലിക സംവിധാനം മാത്രമാണ്. ആയതിനാൽ 3(B) വകുപ്പ് പ്രകാരം അമ്യൂസ്മെന്റ് പാർക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തി വിനോദ നികുതി കോമ്പൗണ്ട് ചെയ്തത് നിയമപ്രകാരമല്ല.

എക്സിബിഷന്റെ ടിക്കറ്റ് സീൽ ചെയ്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ടിക്കറ്റ് നിരക്ക് | സീൽ ചെയ്ത ടിക്കറ്റ് (എണ്ണം) | തുക | വിനോദ നികുതി (@24%) |
|---|---|---|---|
| 50 | 30000<br>(00001-30000) | 15,00,000 | 3,60,000 |

ടിക്കറ്റ് സീൽ രജിസ്റ്റർ പ്രകാരം സീൽ ചെയ്ത ടിക്കറ്റുകളിൽ വിൽപ്പന നടത്താത്ത ടിക്കറ്റുകൾ ഓഡിറ്റ് തീയതി വരെ ഓഫീസിൽ തിരിച്ച് ഏൽപ്പിക്കുകയോ, ടിക്കറ്റ് സീൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 7.3.16 വരെ 25840 ടിക്കറ്റുകളാണ് ആകെ വിറ്റഴിച്ചിട്ടുള്ളത്. ആയത് കണക്കിലെടുത്താൽ എക്സിബിഷൻ അവസാനിച്ച 19.3.17 വരെ പരമാവധി 30000 'ടിക്കറ്റുകൾ മാത്രമെ വിറ്റുപോകുവാൻ സാധ്യത ഉണ്ടായിരുന്നുള്ളൂ. അതു പ്രകാരം പരമാവധി 360000/-രൂപ മാത്രമെ വിനോദ നികുതി ഇനത്തിൽ അടക്കേണ്ടി വരികയുണ്ടായിരുന്നുള്ളൂ എന്നിരിക്കെ 5 ലക്ഷം രൂപ അടച്ച് നികുതി കമ്പൗണ്ട് ചെയ്തത് എന്തിനാണെന്ന് വ്യക്തമല്ല. 3.3.17 ന് നികുതി കോമ്പൗണ്ട് ചെയ്തതിന് ശേഷം യാതൊരു വിധത്തിലുമുള്ള പരിശോധനയും എക്സിബിഷനിൽ നടന്നിട്ടില്ല. ( ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭിച്ച വിവരം). കോമ്പൗണ്ട് ചെയ്തതിന് ശേഷവും ടിക്കറ്റ് വിൽപന പരിശോധന നടത്തി കൂടുതൽ ടിക്കറ്റ് വിൽപന നടത്തുന്ന പക്ഷം ആനുപാതിക നികുതി ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

നിയമപരമല്ലാതെ വിനോദ നികുതി കോമ്പൗണ്ട് ചെയ്യുന്നതിന് പഞ്ചായത്ത് ഭരണ സമിതി കൈക്കൊണ്ട തീരുമാനങ്ങൾക്കെതിരെ സെക്രട്ടറി ആവശ്യമായ നിയമ ഉപദേശം നൽകാത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. മേൽ സാഹചര്യത്തിൽ, വിനോദ നികുതി കോമ്പൗണ്ട് ചെയ്തതുമൂലം ഗ്രാമ പഞ്ചായത്തിന് വിനോദ നികുതിയിത്തിൽ നഷ്ടമുണ്ടായിട്ടില്ലെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ നികുതി കോമ്പൗണ്ട് ചെയ്തത് ക്രമപ്രകാരമല്ല.

## 2-2 ഡി ആൻ്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | | ആകെ |
|---|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | ആകെ | |
| 39 | 107 | 183 | - | 290 | 329 |

ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം തുലോം കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 63%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

### അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണെങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

### സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/തസ്വഭവ തിയ്യതി 10.01.2013).

### അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.</u>

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

<u>ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല</u>

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

*ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## 2-3 <u>തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല</u>

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന രജിസ്റ്റർ കാലികമാക്കാത്തതിനാലും ഡിമാന്റ് /കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സംഗ്രഹത്തിന്റെ കൃത്യത ഉറപ്പില്ലാത്തതിനാലും തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല. (ഓഡിറ്റ് എൻക്വയറി നം 4/6.6.17)

## 2-4 <u>വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല</u>

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷം ഡിമാന്റ് പിരിവ് ബാക്കി (ഗാർഹികം) | 15357 |
| കുടിശ്ശിക ഡിമാന്റ് പിരിവ് ബാക്കി (ഗാർഹികം) | 1106604 |
| തൻവർഷം ഡിമാന്റ് പിരിവ് ബാക്കി (ഗാർഹികേതരം) | 734782 |
| കുടിശ്ശിക ഡിമാന്റ് പിരിവ് ബാക്കി (ഗാർഹികേതരം) | 59428 |

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതി സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.ആയത് എഴുതി സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി - തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകങ്ങൾ കാണുന്നു. പ്രൊഫഷണൽസ്, വ്യാപാര സ്ഥാപനങ്ങൾ,പാരാ മെഡിക്കൽ സ്ഥപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കരാറുകാർ, അഭിഭാഷകർ, ഡോക്ടർമാർ, വാഹന മുതലാളിമാർ (ബസ്, ലോറി ഉടമകൾ, രണ്ടിലധികം നാലുചക്ര വാഹന ഉടമകൾ, മൂന്നിലധികം ഓട്ടോ ഉള്ളവർ,) ഇടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി കൃത്യമായി നിർണ്ണയിക്കുവാനോ ഈടാക്കുന്നതിനോ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

2016-17 വർഷത്തിൽ താഴെ പറയുന്ന പാരാ മെഡിക്കൽ /വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി (സ്ഥാപന നികുതി) ഈടാക്കി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അടവാക്കേണ്ട സ്ഥാപന തൊഴിൽ നികുതി |
|---|---|---|
| 1 | ബാങ്ക് ഓഫ് ഇന്ത്യ | 2500 |
| 2 | ഐ.ഡി.ബി.ഐ ബാങ്ക് | 2500 |
| 3 | അഹല്യ മണി എക്സ്ചേഞ്ച് | 2500 |
| 4 | കെ.ജി.ബി എടരിക്കോട് | 2500 |
| 5 | മുത്തൂറ്റ് ഫിൻ കോർപ് | 2500 |
| 6 | കോട്ടക്കൽ വുഡ് ഇൻഡസ്ട്രീസ് | 2500 |
| 7 | എസ്.എൻ മോട്ടോർസ് | 2500 |
| 8 | വിഷ്വൽ ടൂറിസ്റ്റ് ഹോം | 2500 |
| 9 | വിഷ്വൽ ടൂറിസ്റ്റ് ഹോം | 2500 |
| 10 | സാംഗ് റെഡിഡൻസി | 2500 |
| 11 | പാറയിൽ ടവർ ടൂറിസ്റ്റ് ഹോം | 2500 |
| 11 | ഹോട്ടൽ വിവാദ് | 2500 |
| 12 | ബ്രിട്ട്കോ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്ഓഫ് ഡിജിറ്റൽ ഓർഗ്ഗനൈസിംഗ് പ്രൈ.ലിമിറ്റഡ്. | 2500 |

| | | |
|---|---|---|
| 13 | എസ്.എം.ഡി. ഇലക്ട്രോണിക്സ് ട്രെയിനിംഗ് സെന്റർ ചങ്കുവെട്ടി | 2500 |
| 14 | എജ്യുസോൺ ഹയർ എഡ്യുക്കേഷൻ സെന്റർ | 2500 |
| 15 | മൊലാന ഡെന്റൽ സ്പെഷ്യലിറ്റി സെന്റർ | 2500 |
| 16 | ഡി.എൻ. മെഡിക്കൽ ക്ലിനിക്ക് | 2500 |
| 17 | അൽഷാൻ ഡെന്റൽ ക്ലിനിക്ക് | 2500 |
| 18 | കോട്ടയ്ക്കൽ ആയുർവേദ പഞ്ചകർമ്മ ഹോസ്പിറ്റൽ | 2500 |
| 19 | അൽമർജ്ജാൻ കോട്ടയ്ക്കൽ പഞ്ചകർമ്മ ഹോസ്പിറ്റൽ | 2500 |
| 20 | അൽഷാൻ ഡെന്റൽ ക്ലിനിക്ക് | 2500 |
| 21 | ഡോ.ആലിക്കുട്ടിസ് കോട്ടയ്ക്കൽ ആയുർവേദ നഴ്സിംഗ് ഹോം | 2500 |
| 22 | ഡോ.ഗഫൂർസ് ഡെന്റൽ ക്ലിനിക്ക് | 2500 |
| 23 | ഡോ.നിസാർസ് മെഡിക്കൽ സെന്റർ | 2500 |
| 24 | അൽ ഹിന്ദ് അക്കാദമി ചങ്കുവെട്ടി | 2500 |
| 25 | ശിഫാ മെഡിക്കൽ ലബോറട്ടറി | 2500 |
| 26 | പ്രൈം ട്രെയിനിംഗ് സെന്റർ | 2500 |
| 27 | എജ്യു സോൺ എജ്യുക്കേഷനൽ ഗൈഡൻസ് കം അഡ്മിഷൻ സെന്റർ | 2500 |

| | | |
|---|---|---|
| 28 | റൈഫ ഹൈപ്പർ മാർക്കറ്റ് | 2500 |
| 29 | ഹംസാസ് വെഡിംഗ് സെന്റർ | 2500 |
| | ആകെ തുക | 72500 |

ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നം.1 /6.6.17 ന് മറുപടി നൽകിയിട്ടില്ല. ഈ തുക മേൽ സ്ഥാപനങ്ങളിൽ നിന്നും റിട്ടേൺ സ്വീകരിച്ച് നികുതി പിഴയടക്കം ഈടാക്കാത്ത പക്ഷംഉത്തരവാദികളിൽ നിന്നും പിഴ സഹിതം ഈടാക്കേണ്ടതാണ്. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

തനത് വരുമാന ലഭ്യത വർദ്ധിപ്പിക്കാനും സാമ്പത്തിക സുസ്ഥിരത ഉറപ്പു വരുത്താനും കൃത്യമായ നികുതി നിർണ്ണയവും ഈടാക്കലും അനിവാര്യമാണ്. കൃത്യമായി നികുതി നിർണ്ണയിക്കുകയും ഈടാക്കാനുമുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുഴൽക്കിണറുകൾ അറ്റകുറ്റപ്പണി നടത്തിയത് - ക്രമക്കേട് സംബന്ധിച്ച്

പ്രൊജക്ട് നമ്പർ : എസ്.192/17

അടങ്കൽ : 120000/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 118900/- വൌച്ചർ നം:21600826/15.3.17

നിർവ്വഹണം : സെക്രട്ടറി

വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി പഞ്ചായത്തിലെ കുഴൽകിണറുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് ഈ പ്രോജക്ട് (പ്രവൃത്തി പൂർത്തിയായ ശേഷം പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയതാണ്). സെക്രട്ടറിയുടെ അപേക്ഷ പ്രകാരം അറ്റകുറ്റപ്പണി നടത്തേണ്ട കുഴൽക്കിണറുകളുടെ എസ്റ്റിമേറ്റും, സാങ്കേതിക അനുമതിയും മലപ്പുറം ജില്ല ഭൂഗർഭ ജല വകുപ്പിലെ ജില്ലാ ഓഫീസർ 25.5.2016 ലെ ജി.എം.95/16 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കുകയുണ്ടായി. കുഴൽ കിണർ ഒന്നിന് സ്പെയർ പാർടിന്റെ വില ഒഴികെ 4480/- രൂപ കൂലിച്ചെലവ് ക്വാട്ട് ചെയ്ത എമുല്യ സർവ്വീസിംഗ് സെന്റർ, ചെറുശ്ശാല എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. തുടർന്ന് കരാർ വച്ച്, പ്രവൃത്തി ഏല്പിച്ചു. 12 കുഴൽക്കിണറുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കിയ സ്ഥാപനം ഭൂഗർഭ ജല വകുപ്പ് ജില്ലാ ഓഫീസർ, മലപ്പുറം സാക്ഷ്യപ്പെടുത്തിയ ബില്ലുകളും വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രങ്ങളും സമർപ്പിച്ചതിനെ തുടർ സെക്രട്ടറി മേൽപ്പറഞ്ഞ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) <u>ക്വട്ടേഷൻ നടപടിക്രമങ്ങളിൽ വ്യാപകമായ ക്രമക്കേട്</u>

എ) ക്വട്ടേഷൻ ക്ഷണിച്ചതുമായി ബന്ധപ്പെട്ട രേഖകൾ, ക്വട്ടേഷൻ നോട്ടീസ്, ക്വട്ടേഷൻ പ്രസിദ്ധീകരിക്കുന്നതിന് വിവിധ കേന്ദ്രങ്ങളിലേക്ക് അയച്ചുകൊടുത്ത കത്തുകൾ എന്നിവ പ്രൊജക്ട് ഫയലിൽ ഇല്ല.

ബി) കുഴൽക്കിണർ അറ്റകുറ്റപ്പണി നടത്തുന്നതിന് താഴെ പറഞ്ഞ പ്രകാരം അഞ്ച് ക്വട്ടേഷനുകൾ ലഭിച്ചിരുന്നതായി പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾകണ്ടു. .

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | നിരക്ക്<br>(സ്പെയർ പാർടിന്റെ വില ഒഴികെ കൂലി ചെലവ്) |
|---|---|---|
| 1 | ഷംസുദ്ദീൻ എമുല്യ സർവ്വീസിംഗ് സെന്റർ,ചെറുശ്ശാല | 1950.00 |

| | | |
|---|---|---|
| 2 | ഷഫീഖ്.കെ<br>എമുല്യ സർവ്വീസിംഗ് സെന്റർ ചെറുശ്ശാല | 4480.00 |
| 3 | സലാം,ബീറ്റ സർവ്വീസിംഗ് സെന്റർ,കല്പ്കഞ്ചേരി | 2100.00 |
| 4 | സലാം,ബീറ്റ സർവ്വീസിംഗ് സെന്റർ,കല്പ്കഞ്ചേരി | 5000.00 |
| 5 | മുഹ്സിൻ,ചക്കരത്തൊടി ഇലക്ട്രിക്കൽസ്,കോട്ടക്കൽ | 5500.00 |

സെക്രട്ടറി ക്വട്ടേഷനുകൾ ടാബുലേറ്റ് ചെയ്തിട്ടില്ല. മേല്പറഞ്ഞ ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് 1950.00 രൂപ ക്വാട്ട് ചെയ്ത ക്രമ നം.1 ക്വട്ടേഷനാണ്. എന്നാൽ ക്വട്ടേഷൻ അംഗീകരിച്ച 5/3.6.2016 നമ്പർ ഭരണ സമിതി തീരുമാനത്തിൽ പറയുന്നത് "ഏറ്റവും കുറഞ്ഞ നിരക്ക് 4480/- രൂപ ക്വാട്ട് ചെയ്ത ഷഫീഖ്.കെ എമുല്യ സർവ്വീസിംഗ് സെന്റർ ചെറുശ്ശാല എന്നവരുടെ ക്വട്ടേഷൻ അംഗീകരിക്കുന്ന എന്നും, കൂടുതൽ നിരക്ക് കാണിച്ച സലാം, ബീറ്റ സർവ്വീസിംഗ് സെന്റർ, കല്പ്കഞ്ചേരി, 5000.00 രൂപ, മുഹ്സിൻ, ചക്കരത്തൊടി ഇലക്ട്രിക്കൽസ്, കോട്ടക്കൽ, 5500.00 രൂപ എന്നിവരുടെ ക്വട്ടേഷൻ നിരസിക്കുന്ന എന്നുമാണ്". ഇതിൽ നിന്നും സെക്രട്ടറി ഭരണ സമിതിയിൽ ക്വട്ടേഷനുകളെക്കുറിച്ചുള്ള പൂർണ്ണമായ് വിവരങ്ങൾ സമർപ്പിച്ചിട്ടില്ല എന്ന് കാണുന്നു. ഇത് ഗുരുതരമായ ക്രമക്കേടായി ഓഡിറ്റ് വിലയിരുത്തുന്നു.ഇതുമൂലം ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കാൻ ഇടവരികയും, അതുമൂലം പഞ്ചായത്ത് ഫണ്ടിന് താഴ പറയും പ്രകാരം നഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

| 12 കുഴൽ കിണറുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ഒന്നിന് 4480.00 രൂപ നിരക്കിൽ ചെലവായ തുക | 12 കുഴൽ കിണറുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ഒന്നിന് 1950.00 രൂപ നിരക്കിൽ ചെലവാകുമായിരുന്ന തുക | അധികം |
|---|---|---|
| 53760 | 23400 | 30360 |

സി) മേല്പറഞ്ഞ ക്വട്ടേഷനുകളിൽ ക്രമ നമ്പർ 1,2 എന്നിവ ഒരേ സ്ഥാപനത്തിന്റെ ക്വട്ടേഷനുകൾ ആണ്. എന്നാൽ വ്യത്യസ്ത പേരുകളിലാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. അതുപോലെ ക്രമ നമ്പർ 3,4 എന്നിവയും ഒരേ സ്ഥാപനത്തിന്റെ ക്വട്ടേഷനുകളാണ്. ഒരേ സ്ഥാപനം ഒരു പ്രവൃത്തിക്ക് രണ്ട് ക്വട്ടേഷനുകൾ സമർപ്പിച്ചത് ക്വട്ടേഷൻ/ടെണ്ടർ സംബന്ധിച്ച പൊതു ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ്. ഇപ്രകാരം ഒരേ സ്ഥലത്തിന് ക്വക്കേഷനുകൾ നിരക്ക് മാറ്റി സമർപ്പിക്കാൻ അനുമതി നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് എതിരായി പ്രവർത്തിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് ഗുരുതരമായ കൃത്യ വിലോപമാണ്.

ഡി) ക്വട്ടേഷനുകളിലെ മറ്റ് ന്യൂനതകൾ

ഒരു ക്വട്ടേഷനിലും തീയ്യതി ഇല്ല. ഏത് ക്വട്ടേഷൻ നോട്ടീസ് അനുസരിച്ചാണ് ക്വട്ടേഷൻ സമർപ്പിക്കുന്നതെന്ന് പറഞ്ഞിട്ടില്ല. ക്വട്ടേഷനൊപ്പം പ്രാഥമിക ഉടമ്പടി ഇല്ല. ക്വട്ടേഷൻ തുറന്ന ഉദ്യോഗസ്ഥൻ നിരക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ടെണ്ടർ വിളിച്ചിട്ടില്ല

സർക്കാർ ഉത്തരവ് നമ്പർ(പി).259/2010/തസ്വഭവ തീയ്യതി.8.11.2010 പ്രകാരം (തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖ) ഒരു ലക്ഷത്തിൽ കവിഞ്ഞ വാങ്ങലുകൾക്ക് ടണ്ടർ ക്ഷണിക്കണം. ഭൂഗർഭ ജലവകുപ്പ് ലഭ്യമാക്കിയ മേൽപ്പറഞ്ഞ എസ്റ്റിമേറ്റ് പ്രകാരം ഈ പ്രോജക്ടിൽ ഉൾപ്പെട്ട മൊത്തം 15 പ്രവൃത്തികളുടെ ആകെ അടങ്കൽ 149910.00 രൂപയാണ്. അതിനാൽ ടെണ്ടർ മുഖേനെയായിരുന്നു ഈ പ്രോജക്ട് നിർവ്വഹണം നടത്തേണ്ടിയിരുന്നത്. എന്നാൽ ഇതിനു പകരം ക്വട്ടേഷൻ മുഖേനെയാണ് പ്രവൃത്തി നർവ്വഹിച്ചിട്ടുള്ളത്.

3) കരാർ പൂർണ്ണമല്ല

കരാറുകാരനിൽ നിന്നും സ്റ്റാമ്പ് പേപ്പർ വാങ്ങിയതല്ലാതെ, പ്രവൃത്തി നിർവ്വഹിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ എഴുതിയിട്ടില്ല. ഇത് ക്രമപ്രകാരമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.12/8.6.17 മുഖേനെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി തന്നിട്ടില്ല. ഈ സാഹചര്യത്തിൽ ക്രമ നം.1(ബി) യിൽ ചൂണ്ടിക്കാണിച്ച 30360.00 രൂപയുടെ അധികച്ചെലവ് ഭരണ സമിതി മുമ്പാകെ ക്വട്ടേഷൻ വിവരം തെറ്റായി സമർപ്പിച്ച 3.6.2016 ലെ സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. വൌച്ചറിൽ അവശേഷിക്കുന്ന 88540 രൂപ മറ്റ് അപാകതകളുടെ വെളിച്ചത്തിൽ തടസ്സത്തിൽ വെയ്ക്കുന്നു. ക്രമ നമ്പർ 1(ബി), 1(സി) എന്നിവയിൽ പറഞ്ഞ ഗുരുതരമായ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ മാതൃകാപരമായ അച്ചടക്ക നടപടികൾക്ക് ശുപാർശചെയ്യുന്നു.

## 3-2 വാഹനത്തിൽ ഇന്ധനം നിറക്കൽ - അപാകതകൾ സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-65-A-2016 നമ്പർ വാഹനത്തിന് ഇൻഡന്റ് അടിസ്ഥാനത്തിൽ ഇന്ധനം നൽകിയ കോട്ടക്കലിലുള്ള KIMS പെട്രോളിയം ഏജൻസീസിന് ഇന്ധന വിലയിനത്തിൽ തൻവർഷം താഴെ വിശദമാക്കിയ വിധം രണ്ട് വൌച്ചറുകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്.

വൌച്ചർ നമ്പർ 21600241/15.7.16 - 24107.00 രൂപ

| ക്രമ നമ്പർ | ഇൻഡന്റ് , നിറക്കേണ്ടഇന്ധനം (ലിറ്റർ) | കാഷ് രസീതി, തുക (രൂപ) | സ്ഥാപനത്തിന്റെ കാഷ് ബിൽ സമ്മറി സ്റ്റേറ്റ്മെന്റ് പ്രകാരം വില (രൂപ) |
|---|---|---|---|
| 1 | 595/4.1.16 - 52 | ഇല്ല | 2538.12 |
| 2 | 596/16.1.16 - 53.20 | ഇല്ല | 2548.71 |
| 3 | 597/19.1.16 - 12.68 | ഇല്ല | 607.25 |
| 4 | 598/3.2.16 - 51.38 | 7307/3.2.16- 2458.00 | 2458.53 |
| 5 | 599/20.2.16 – 50.67 | 7716/19.2.16-2439.76 | 2439.76 |
| 6 | 600/25.2.16 - 50.58 | 7878/25.2.16-2435.43 | 2435.43 |
| 7 | 2676/17.3.16 -55.13 | 8404/17.316-2850.77 | 2850.77 |

| | | | |
|---|---|---|---|
| 8 | 2677/5.4.16 - 53.80 | 106/5.4.16 - 2840.64 | 2840.64 |
| 9 | 2678/28.4.16 - 53.83 | 635/28.4.16 -2768.48 | 2768.48 |
| 10 | 2679/31.5.16 – 46.88 | 1354/31.5.16-2619.65 | 2619.65 |
| ആകെ | | | 24107.34 |

വൌച്ചർ നമ്പർ 21600452/20.10.16 - 10736.00 രൂപ

| ക്രമ നമ്പർ | ഇൻഡന്റ് , നിറക്കേണ്ട ഇന്ധനം (ലിറ്റർ) | കാഷ് രസീതി, തുക (രൂപ) | സ്ഥാപനത്തിന്റെ കാഷ് ബിൽ സമ്മറി സ്റ്റേറ്റ്മെന്റ് പ്രകാരം വില (രൂപ) |
|---|---|---|---|
| 1 | 2680/18.6.16 - 50.05 | ഇല്ല | 2989.99 |
| 2 | 2681/11.7.16 - 52.21 | ഇല്ല | 3090.83 |
| 3 | 2682/25.7.16 - 38.61 | ഇല്ല | 2268.34 |
| 4 | 2683/9.8.16 - 42.16 | ഇല്ല | 2387.10 |
| ആകെ | | | 10736.26 |

ഇത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) കാഷ് ബിൽ ഇല്ല

നം:21600241/15.7.16 വൌച്ചറിൽ 5694.08 രൂപയുടെയും, നം: 21600452/20.10.16 വൌച്ചറിൽ 10736.00. രൂപയുടെയും കാഷ് ബിൽ ഇല്ല. അതിനാൽ ഈ തുകകളുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2) കൈപ്പറ്റ് രസീതി ഇല്ല

നം:21600241/15.7.16 വൌച്ചറിൽ 24107.00 രൂപയുടെ കൈപ്പറ്റ് രസീതി ഇല്ല.

ആയതിനാൽ മേൽ ഖണ്ഡികയിൽ ഈ വൌച്ചറിലെ ചെലവിൽ നിരാകരിച്ച തുക 5694 രൂപ കഴിച്ചുള്ള തുക 18413.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി (നം.13/8.6.17) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണം നടത്തിയത് - അപാകതകൾ .

വേനലിൽ കുടിവെള്ള ക്ഷാമം രൂക്ഷമായതിനെ തുടർന്ന് കുടിവെള്ള വിതരണം നടത്തുന്നതിനും കുടിവെള്ള സ്രോതസ്സുകൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിനും 10 ലക്ഷം രൂപയിൽ കവിയാതെ തനത് ഫണ്ട്/പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിന് 22.4.2016 ലെ (ആർ.റ്റി) നം.1510/2016/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ജില്ലാ കലക്ടർ പരിശോധിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിന് യോഗ്യമാണെന്ന് 29.4.2016 ലെ 24692/16ഡി.എം3 നമ്പർ കത്ത് പ്രകാരം സാക്ഷ്യപ്പെടുത്തിയ പ്രദേശങ്ങളിൽ വൌച്ചർ നമ്പർ 21600193/29.6.2016 പ്രകാരം 424000/- രൂപ ചെലവഴിച്ച് പഞ്ചായത്ത് കുടിവെള്ളം

വിതരണം നടത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

1) ക്വട്ടേഷൻ നടപടികളിലെ അപാകതകൾ - പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കപ്പെട്ടില്ല.

എ2/1538/16 തീയ്യതി.30.4.2016 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം 30.4.2016 നാണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഈ പ്രവൃത്തിയുടെ ക്വട്ടേഷൻ പ്രസിദ്ധീകരിച്ചത്. ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയ്യതി 3.5.2016 ആയിരുന്നു. ഹംസദ്ജാൻ മങ്ങാട് (ലിറ്ററിന്. 40.00 പൈസ ), ശംസുദ്ദീൻ,കോറാടിൽ (ലിറ്ററിന്. 60.00 പൈസ ),അബ്ദു റഹിമാൻ, പെരിങ്ങോടൻ (ലിറ്ററിന്. 50.00 പൈസ ) എന്നീ മൂന്ന് കരാറുകാരുടെ ക്വട്ടേഷനുകളാണ് ഈ പ്രവൃത്തിക്ക് ലഭിച്ചിട്ടുള്ളത്. എന്നാൽ, എല്ലാ ക്വട്ടേഷനുകളുടെയും തീയ്യതി 2.4.2016 ആണ്. 30.4.16 ലെ നോട്ടീസ് പ്രകാരമാണ് ക്വട്ടേഷൻ സമർപ്പിക്കുന്നതെന്ന് ക്വട്ടേഷനുകളിൽ പറഞ്ഞിട്ടുണ്ട്. ക്വട്ടേഷൻ സമർപ്പിച്ച മൂന്ന് കരാറുകാർക്കും സമാനമായ കൈപ്പിഴ വരാൻ സാധ്യത ഒട്ടും ഇല്ല. ആയതിനാൽ ഈ അപാകത ക്വട്ടേഷൻ നടപടിക്രമത്തിൽ വൻ ക്രമക്കേട് നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നുണ്ട്. 1ലക്ഷം രൂപയിൽ കവിഞ്ഞ വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കണമെന്ന നിബന്ധന പാലിക്കാത്തത്, ക്വട്ടേഷൻ നോട്ടീസിൽ കരാറുകാർ ക്വട്ടേഷനോപ്പം പ്രാഥമിക ഉടമ്പടി സമർപ്പിക്കണമെന്ന് നിഷ്കർഷിക്കാത്തത് , ക്വട്ടേഷൻ സമർപ്പിച്ച കവറ് സൂക്ഷിക്കാത്തത്, ക്വട്ടേഷൻ സ്വീകരിച്ചതിന്റെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കാത്തത്, ക്വട്ടേഷൻ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്വോട്ടേഷനിലെ നിരക്ക് സാക്ഷ്യപ്പെടുത്താത്തത്, കരാറുകാരുടെ പ്രതിനിധികൾ ക്വട്ടേഷൻ തുറക്കുന്ന വേളയിൽ ഹാജരില്ലാതിരുന്നത് എന്നീ അപാകതകൾ ഈ പ്രവൃത്തിയുടെ ക്വട്ടേഷൻ നടപടിയിൽ ഉണ്ടായിട്ടുണ്ട്. ഇത് സർക്കാർ ഉത്തരവ് നമ്പർ(പി).259/2010/തസ്വഭവ തീയ്യതി.8.11.2010 പ്രകാരമുള്ള (തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖ) ഉത്തരവിന്റെ ലംഘനമാണ്.

ലിറ്ററിന് 40.00 പൈസ ക്വാട്ട് ചെയ്ത ഹംസദ്ജാൻ മങ്ങാട് എന്ന കരാറുകാരന്റെ ക്വട്ടേഷനാണ് പഞ്ചായത്ത് അംഗീകരിച്ചത്. വെള്ളം വിതരണം ചെയ്യാൻ ഉപയോഗിച്ച വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ പ്രകാരം വെള്ള ശേഖരിച്ച സ്രോതസ്സിൽ നിന്നും 2 മുതൽ 12 കിലോമീറ്റർ വരെ അകലങ്ങളിലുള്ള സ്ഥലങ്ങളിലാണ് വെള്ളം വിതരണം ചെയ്തിട്ടുള്ളത്. 5000.00 ലിറ്ററിന്റെ ടാങ്കിൽ ഇപ്രകാരം വിതരണം നടത്തിയ ഓരോ ട്രിപ്പിനും 2000.00 രൂപ പഞ്ചായത്തിന് ചെലവ് വന്നിട്ടുണ്ട്.

2) ടാങ്കർ പരിശോധിച്ചിട്ടില്ല

KL-10-AE-8771നമ്പർ വാഹനത്തിലാണ് വെള്ളം വിതരണം ചെയ്തിട്ടുള്ളത്. 5000.00 ലിറ്ററാണ് ട്രിപ്പ് ഷീറ്റുകൾ പ്രകാരം ഒരു ട്രിപ്പിൽ വിതരണം ചെയ്തിട്ടുള്ളത്. . എന്നാൽ പ്രസ്തുത വാഹനം പഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് ടാങ്കുകളുടെ അളവ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ ബില്ലുകൾ പ്രകാരം കരാറുകാരൻ അവകാശപ്പെട്ട അളവിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3) വെള്ളത്തിന്റെ ഗുണമേന്മ പരിശോധിച്ചിട്ടില്ല.

ഈ പ്രവൃത്തിയുടെ കരാറുടമ്പടി, 1/2016-17 തീയ്യതി 4.5.2016, പ്രകാരം പുതുപ്പറമ്പ് എന്ന സ്ഥലത്തു നിന്നും എടുക്കുന്ന വെള്ളത്തിന്റെ ഗുണ മേന്മ പരിശോധിച്ച ശേഷം മാത്രമെ വിതരണം നടത്താവൂ. എന്നാൽ ഇപ്രകാരം ഗുണ മേന്മ പരിശോധിച്ചിട്ടില്ല. പുതുപ്പറമ്പിലെ വെള്ളം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് ഗ്രാമപഞ്ചായത്ത് പി.എച്ച്.സി യിലെ ജെ.എച്ച്.ഐ ക്കും, കേരള വാട്ടർ അതോറിറ്റിയിലെ എ.ഇ ക്കും സെക്രട്ടറി 4.5.2016 ലെ എ2/1538/16 നമ്പർ കത്തു പ്രകാരമാണ് നിർദ്ദേശം നൽകിയത്. എന്നാൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ല. 5.5.2016 മുതൽ വെള്ളം വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്.

4) വാർഡ് എ.ഡി.സി മാരുടെ മേൽനോട്ടം ഇല്ല

മേൽപ്പറഞ്ഞ കരാറിലെ വ്യവസ്ഥ 4 അനുസരിച്ച് വാർഡ് എ.ഡി.സി മാരുടെ മേൽനോട്ടത്തിലാണ് വെള്ളം വിതരണം നടത്തേണ്ടത്. എന്നാൽ ട്രിപ്പ് ഷീറ്റിൽ ഒന്നിലും തന്നെ വെള്ളം വിതരണം നടത്തിയതായി എ.ഡി.സി മാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിനു പകരം വാർഡിൽ ആകെ വിതരണം നടത്തിയ വെള്ളത്തിന്റെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അതിൽ സാക്ഷ്യപത്രം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ എ.ഡി.സി മാരുടെ മേൽനോട്ടത്തിലാണ് വെള്ളം വിതരണം ചെയ്തത് എന്ന് കരുതാനാകില്ല.

5) പ്രോജക്ട് പാസാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരം 10000.00 രൂപയിൽ കവിഞ്ഞ തുകകൾ ചെലവഴിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങണം. എന്നാൽ ഈ പ്രവൃത്തിക്ക് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.

6) ട്രിപ്ഷീറ്റുകളുടെ ഇരട്ടിപ്പ് മൂലം 86000.00 രൂപയുടെ അധികച്ചെലവ്

എ.ഡി.സി മാരുടെയും വാർഡ് മെമ്പർമാരുടെയും സാക്ഷ്യ പത്രം അനുസരിച്ച് താഴെ പറയുന്ന പ്രകാരമാണ് കുടിവെള്ളം

വിതരണം ചെയ്തിട്ടുള്ളത്.

| വാർഡ് നമ്പർ | ട്രിപ്പുകളുടെ എണ്ണം, ആകെ ലിറ്റർ | തുക |
|---|---|---|
| 1 | 30x5000=150000 | 60000.00 |
| 2 | 9x5000=45000 | 18000.00 |
| 3 | 5x5000=25000 | 10000.00 |
| 8 | 13x5000=65000 | 26000.00 |
| 9 | 32x5000=160000 | 64000.00 |
| 10 | 30x5000=150000 (145000 ലിറ്റർ ആണ് രേഖപ്പെടുത്തിയത്) | 58000.00 |
| 11 | 21x5000=105000 | 42000.00 |
| 12 | 12x5000=60000 (57500 ലിറ്റർ ആണ് രേഖപ്പെടുത്തിയത്) | 23000.00 |
| 13 | 34x5000=70000 (167500 ലിറ്റർ ആണ് രേഖപ്പെടുത്തിയത്) | 67000.00 |
| എ.കെ മാട് | 28x5000=140000 | 56000.00 |
| ആകെ | 1060000 ലിറ്റർx0.40 | 424000.00 |

എന്നാൽ വെള്ളം വിതരണം ചെയ്ത KL-10-AE-8771നമ്പർ വാഹനത്തിന്റെ ട്രിപ്ഷീറ്റ് പരിശോധിച്ചപ്പോൾ ചില ദിവസങ്ങളിലെ ട്രിപ്ഷീറ്റുകൾക്ക് ഇരട്ടിപ്പ് ഉള്ളതായി കണ്ടു. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | ട്രിപ്പ് ഷീറ്റ് ക്രമ നമ്പർ | തീയ്യതി , സമയം | ട്രിപ്പുകളുടെ എണ്ണം, ആകെ വെള്ളത്തിന്റെ അളവ് (ലിറ്റർ) | ആകെ തുക (രൂപ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 1 | 3,5<br>(1-5, 6-12) | 8.5.16<br>7 AM – 8.45 PM | 12x5000=60000 | 24000.00 |
| 2 | 6,7 (1-6, 7-12) | 8.5.16<br>7 AM – 7.50 PM | 12x5000=60000 | 24000.00 |
| 3 | 8,9(1-6, 7-11) | 9.5.16<br>7 AM – 6 PM | 11x5000=55000 | 22000.00 |
| 4 | 10,11<br>(1-6, 7-12) | 9.5.16<br>7 AM – 6 PM | 12x5000=60000 | 24000.00 |
| 5 | 14,16<br>(1-6, 7-10) | 12.5.16<br>7 AM – 6 PM | 10x5000=50000 | 20000.00 |
| 6 | 15,18<br>(1-5, 6-8) | 12.5.16<br>7 AM – 6 PM | 8x5000=40000 | 16000.00 |
| 7 | 20,22<br>(1-5, 6-10) | 16.5.16<br>7 AM – 6 PM | 10x5000=50000 | 20000.00 |

| | | | | |
|---|---|---|---|---|
| | | | | |
| 8 | 21,23<br>(1-6, 1-5) | 16.5.16<br>7 AM – 6 PM | 11x5000=55000 | 22000.00 |

ടിപ്പ് ഷീറ്റുകളുടെ ഇരട്ടിപ്പ് കാരണം, മേൽ ക്രമ നമ്പർ 2,4,6,8 പ്രകാരം, 86000.00 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക വൌച്ചർ പ്രകാരം തുക അനുവദിച്ച സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. മറ്റ് അപാകതകൾ പരിഹരിക്കുന്നതിന് വിധേയമായി അവശേഷിക്കുന്ന തുക 338000.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

മേൽ പറഞ്ഞ അപാകതകൾക്ക് 6/6.6.2017 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 ക്ഷാമ ബത്ത കുടിശ്ശിക നൽകിയത് - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (പി) നം.61/2016/ഫിൻ തീയ്യതി.5.5.16 പ്രകാരം സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത 1.1.16 പ്രാബല്യത്തിൽ 6% ൽ നിന്നും 9% ആയി വർദ്ധിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ഏഴ് ജീവനക്കാരുടെ കുടിശ്ശിക ക്ഷാമ ബത്ത 35373.00 രൂപ വൌച്ചർ നമ്പർ 21600577 പ്രകാരവും, സീനിയർ ക്ലർക്ക് സാബു.കെ.ആർ ന്റെ കുടിശ്ശിക 3024 രൂപ വൌച്ചർ നമ്പർ 21600576/22.12.16 പ്രകാരവും പിൻവലിച്ച് കെ.പി.ഇ.പി.എഫിൽ ഒടുക്കിയിട്ടുണ്ട്. വിശദ വിവരം താഴെ പറയുന്നു.

| പേര്, തസ്തിക,അടിസ്ഥാന ശമ്പളം | കുടിശ്ശിക | | | | | ആകെ |
|---|---|---|---|---|---|---|
| | 1/16 | 2/16 | 3/16 | 4/16 | 4/16 (SLS) | |
| എം.പി.വേണുഗോപാലൻ,അസി.സെക്രട്ടറി<br>41500 | 1245 | 1225 | 1245 | 1245 | 1245 | 6205 |
| വിജയ കുമാർ,ഹെഡ് ക്ലർക്ക്<br>34800 | 1017 | 1028 | 1044 | 1044 | 1044 | 5177 |
| പ്രശാന്ത്.സി.പി,അക്കൌണ്ടന്റ്<br>29900 | 897 | 883 | 897 | 897 | ഇല്ല | 3574 |
| ഷാനവാസ്.സി.കെ,സീ.ക്ലർക്ക്<br>30700 | 921 | 906 | 921 | 921 | 921 | 4590 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| സരിത.കെ,സീ.ക്ലർക്ക് 25200 | 756 | 743 | 756 | 756 | ഇല്ല | 3011 |
| അജയ് കുമാർ.കെ.പി,ക്ലർക്ക് 21100 | 617 | 633 | 633 | 633 | ഇല്ല | 2516 |
| ദിലീപ് കുമാർ,ജെ.ബി.സി 41500 | 1245 | 1245 | 1245 | 1245 | 1245 | 6225 |
| ഷംസുദ്ദീൻ,ഓഫീസ് അറ്റൻന്റ് 27150 | 815 | 815 | 815 | 815 | 815 | 4075 |
| ആകെ | | | | | | 35373.00 |
| സാബു.കെ.ആർ,സീ.ക്ലർക്ക് 25200 | 756 | 756 | 756 | 756 | ഇല്ല | 3024 |

1.1.16 മുതൽ 5.5.16 വരെയുള്ള കടിശ്ശിക പിഎഫിൽ ലയിപ്പിക്കാനും 6.6.2016 മുതൽ കാഷ് ആയി പിൻവലിക്കണമെന്നുമായിരുന്ന മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശം. എന്നാൽ4/16 വരെയുള്ള ക്ഷാമ ബത്ത മാത്രമാണ് പി.എഫിൽ ലയിപ്പിച്ചിട്ടുള്ളത്. 5/16 മുതൽ വർദ്ധിപ്പിച്ച ക്ഷാമ ബത്ത പണമായി നൽകിയതായി ജീവനക്കാരുടെ 5/16 ലെ ശമ്പള ബിൽ, വൌച്ചർ നമ്പർ.21600119/1.6.16, പരിശോധിച്ചപ്പോൾ വ്യക്തമായിട്ടുണ്ട്.

സർക്കാർ ഉത്തരവ് പാലിക്കാതിരുന്നതിന് വിശദീകരണം നൽകാനും. അപാകത പരിഹരിക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(11/8.6.17) നൽകിയിരുന്നു എങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 38397.00 രൂപ (35373+3024) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 ദിനപ്പത്രങ്ങളുടെ വില നൽകിയത് - അപാകതകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലും പഞ്ചായത്ത് പ്രദേശത്തെ വിവിധ ലൈബ്രറികളിലും 1.3.2015 മുതൽ 31.3.2016 വരെ കാലയളവിൽ വിവധ ദിനപ്പത്രങ്ങൾ നൽകിയ അബ്ദുൾ ബാസിത്.കെ, കരുമ്പിൽ എന്നയാൾക്ക് അവയുടെ വിലയായി വൌച്ചർ നമ്പർ 21600142/8.6.2016 പ്രകാരം 47720.00 രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) നൽകിയ തുകയുടെ അർഹത പരിശോധിക്കുന്നതിന് രേഖകൾ ഇല്ല.

പഞ്ചായത്തിൽ പലവക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എന്നാൽ എഴുതി സൂക്ഷിച്ച് വരുന്ന കണ്ടിജന്റ് ഡിമാന്റ് രജിസ്റ്ററിൽ പത്ര വരിസംഖ്യയിനത്തിൽ അവസാനം തുക നൽകിയതിന്റെ വിവരവും, നൽകാൻ അവശേഷിക്കുന്ന തുകയുടെ വിവരവും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ വൌച്ചർ പ്രകാരം നൽകിയ തുകയുടെ അർഹത വ്യക്തമല്ല.

ഗ്രാമീണ വായനശാലയിലെ ആറ്പത്രങ്ങളുടെ വരിസംഖ്യയിനത്തിൽ 15740 വൌച്ചർ പ്രകാരം നൽകിയിട്ടുണ്ട്. ഇതിൽ മനോരമയുടെ രണ്ട് വർഷത്തെ വരിസംഖ്യയും(4560.00 രൂപ), ബാക്കി പത്രങ്ങളുടെത് 1.3.2015 മുതൽ 31.3.2016 വരെ കാലയളവിലേതുമാണ്. മനോരമയുടെ വരിസംഖ്യമാത്രം രണ്ട് വർഷം കുടിശ്ശികയായത് എങ്ങനെ എന്ന് വ്യക്തമല്ല.

2) വാർഷികമായി തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

പത്രങ്ങൾ മേൽപ്പറഞ്ഞ കാലയളവിൽ കൃത്യമായി ലഭിച്ചിട്ടുണ്ടെന്ന ലൈബ്രറി അധികാരികളുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. 13 മാസം മുമ്പ് ലഭിച്ചതായി സാക്ഷ്യപ്പെടുത്തിയ പത്രങ്ങൾ യഥാർത്ഥത്തിൽ ലഭിച്ചിട്ടുണ്ടോയെന്ന് പഞ്ചായത്തിന് പരിശോധിക്കാൻ സാധ്യമല്ല. അതിനാൽ മറ്റ് മേൽപ്പരിശോധനകൾ കൂടാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. പത്രങ്ങളുടെ വരിസംഖ്യക്കുള്ള ബില്ല് നിശ്ചിത ഇടവേളകളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാതെ, വാർഷികമായ തുക അനുവദിച്ച പഞ്ചായത്തിന്റെ നടപടി ക്രമപ്രകാരമല്ല.

3) പഞ്ചായത്ത് തീരുമാനം ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന് പുറമെ ബുറാക്ക് ലൈബ്രറി, എടേരി, യംഗ് ചാലഞ്ചേഴ്സ് ക്ലബ്ബ് , എടേരി, ഗ്രാമീണ വായന ശാല, പുതുപ്പറമ്പ്, മാമിൽ ലൈബ്രറി എന്നീ സ്ഥാപനങ്ങളിലെ പത്ര വരിസംഖ്യയാണ് വൌച്ചർ പ്രകാരം നൽകിയിട്ടുള്ളത്. എന്നാൽ ഈ സ്ഥാപനങ്ങൾക്ക് പത്ര വരിസംഖ്യ അനുവദിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ അർഹത പരിശോധിച്ച്, അപേക്ഷ അംഗീകരിച്ചുകൊണ്ട് പഞ്ചായത്ത് എടുത്ത തീരുമാനം ഹാജരാക്കിയിട്ടില്ല.

4) രജിസ്ട്രേഷൻ നടത്താത്തതും മറ്റ് അപാകതകളും

താഴെ പറഞ്ഞ ലൈബ്രറികളെ സംബന്ധിച്ച അപാകതകൾ ഓരോന്നിന് നേരെയും പറയുന്നു.

| ലൈബ്രറിയുടെ പേര് | അപാകത |
|---|---|
| ബുറാക്ക് ലൈബ്രറി | ലൈബ്രറിയുടെ ലെറ്റർ പാഡ് പരിശോധിച്ചപ്പോൾ ലൈബ്രറി രജിസ്റ്റർ ചെയ്തതിട്ടില്ല എന്ന് കണ്ടു. ആയതിനാൽ രജിസ്റ്റർ ചെയ്യാത്ത വ്യവസ്ഥാപിതമായ രീതിയിൽ പ്രവർത്തിക്കാത്ത ലൈബ്രറിയാണ് എന്ന് കാണുന്നു. |
| മാമിൽ ലൈബ്രറി | ഇത് ഒരു ഇസ്ലാമിക് ലൈബ്രറിയാണെന്ന് ഈ ലൈബ്രറിയുടെ ലെറ്റർ പാഡിൽ പറഞ്ഞിട്ടുണ്ട്. ഈ ലൈബ്രറിക്ക് ഒരു വിധത്തിലുള്ള രജിസ്ട്രേഷനും ഇല്ല. സമൂഹത്തിന് പൊതുവായി ഗുണകരമാകുന്ന രീതിയില്ല പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് എന്ന് കാണുന്നു. |

മേൽ അപാകതകൾ ഉള്ളതിനാൽ ചെലവ് തുക 47720.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

( 8/6.6.17 നമ്പർ ഓഡിറ്റ് എൻക്വയറി )

## 3-6 ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് പണം അടച്ചത് സംബന്ധിച്ച്

പ്രൊജക്ട് നം - എസ്/175/17

അടങ്കൽ - 37862 രൂപ (തനത് ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

എടരിക്കോട് അരീക്കൽ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്ന ഈ പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി, വൌച്ചർ നമ്പർ 21600776/1.3.2017 പ്രകാരം 37862.00 രൂപ കെ.എസ്. ഇ.ബി എടരിക്കോട് സബ് സെക്ഷൻ അസിസ്റ്റന്റ് ഓഫീസറുടെ കാര്യാലയത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്റ്റ് പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഒന്നും വൌച്ചറിനൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 37862.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-7 പൊതു മരാമത്ത് പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ വൻ കുറവ്

തൻ വർഷം പഞ്ചായത്ത് ആസൂത്രണം ചെയ്ത 100 പൊതു മരാമത്ത് പ്രൊജക്ടുകളിൽ 46 എണ്ണത്തിന് മാത്രമാണ് തുക ചിലവഴിച്ചിട്ടുള്ളത്. ബാക്കിയുള്ള 54 പ്രൊജക്ടുകൾക്ക് തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. ആകെ 21188092.00 രൂപയായിരുന്ന പൊതുമരാമത്ത് പ്രൊജക്ടുകളുടെ മൊത്തം അടങ്കൽ. എന്നാൽ 6931456.00 രൂപ മാത്രമാണ്, അതായത് 32.71%, തൻവർഷം ചെലവഴിച്ചിട്ടുള്ളത്. നിർവ്വഹിച്ച പ്രൊജക്ടുകളിൽ റോഡ്/ഫുട് പാത്ത് ഇതര പ്രൊജക്ടുകൾ ഒന്നും തന്നെ ഇല്ല. അതുപോലെ എല്ലാ പ്രൊജക്ടുകളും കൺവ്വീനർ വർക്ക് ആയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. മരാമത്ത് പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗമായ ടെണ്ടർ മുഖേനെയുള്ള നിർവ്വഹണത്തിന് നടപടി സ്വീകരിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ കൃത്യ നിർവ്വഹണത്തിൽ വീഴ്ച്ച വരുത്തിയതിനാലാണ് പ്രൊജക്റ്റ് നിർവ്വഹണത്തിൽ ഇപ്രകാരം വൻ കുറവ് സംഭവിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-8 SSA വിഹിതം – വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായില്ല

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ “SSA ക്ക് വിഹിതം" എന്ന പ്രൊജക്റ്റ് പ്രകാരം 5,00,000രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്(Try. Bill No:1/16-17,

DD No/date: 638487/22-12-16, SOO40/17). പഞ്ചായത്ത് പരിധിയിൽ പെട്ട സ്കൂളുകളിൽ വിവിധ പ്രവർത്തനങ്ങൾക്കായി ടി തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ(വിനിയോഗ സാക്ഷ്യ പത്രം) പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക, 5,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 സംയുക്ത പ്രൊജക്ടുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.

2016-17 സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റ് 186/17 ഐ.എ.വൈ അധിക വിഹിതമായി വേങ്ങര ബ്ലോക്ക് പഞ്ചായത്തിന് നൽകിയ 1,30,000 രൂപയിൽ ( ബിൽ 10/16-17 തിയ്യതി. 25-2-17) 97,500 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ശേഷിക്കുന്ന 32,500 രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-10 പി.എച്ച്.സി യിലേക്ക് പ്രൊജക്റ്റ് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം- മെഡിക്കൽ ഓഫീസർ

പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

1. പ്രൊജക്റ്റ് 51/17 – പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും വകയിരുത്തിയ 3 ലക്ഷം രൂപ ബിൽ നമ്പർ 2/16-17 തിയ്യതി. 21-11-16. (ഡി.ഡി നമ്പർ 638378 /29-11-16). എന്നാൽ 74,506 രൂപയുടെ മരുന്നുകൾ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല.

ലഭിച്ച മരുന്നുകളുടെ വിവരം.

എ. ഇൻവോയ്സ് നമ്പർ 325/17-12-16-- 1,46,562 രൂപ ( അഡ്ജസ്റ്റ് മെന്റ് 1823 ബാക്കി 144739)

ബി.ഇൻവോയ്സ് നമ്പർ 421/17-2-17-- 22,187 രൂപ

സി. ഇൻവോയ്സ് നമ്പർ 439/27-2-17-- 19,441 രൂപ

ഡി. ഇൻവോയ്സ് നമ്പർ 28/29-04-17-- 14,693 രൂപ

ഇ. ഇൻവോയ്സ് നമ്പർ 68/16-05-17-- 1246 രൂപ

എഫ്. ഇൻവോയ്സ് നമ്പർ 78/18-05-17-- 14,259 രൂപ

ജി. ഇൻവോയ്സ് നമ്പർ 56/15-05-17-- 8929 രൂപ ആകെ 2,25,494 രൂപ.

2. പ്രൊജക്ട് 49/17 പാലിയേറ്റീവ് ഹോം കെയറിന് മരുന്നുകൾക്കായി നൽകിയ 29369 രൂപയ്ക്ക് മരുന്നുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ബിൽ 7/16-17 തിയ്യതി. 29-3-17 - 29369 രൂപ. (വികസന ഫണ്ട് -ജനറൽ) .
മേൽ പരാമർശിച്ച പ്രകാരം അവശേഷിക്കുന്ന തുകകൾക്കുള്ള മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ അടിയന്തിര നടപടികൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. 1,03,875 രൂപ(74506+29369)യുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-11 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ "ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ', ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ' എന്നീ പ്രൊജക്ടുകൾ പ്രകാരം 2016-17 വർഷത്തിൽ യഥാക്രമം ഔഷധിയിലേക്കും ഹോംകോയിലേക്കും 3,50,000രൂപയും 1,50,000 രൂപയും മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

എ) "ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ"

പ്രൊജക്ട് നമ്പർ : SOO

ട്രഷറി ബിൽ നമ്പർ/തീയതി: 2/16-17, 15-12-16

ഡി.ഡി.നമ്പർ/തീയതി: 638484/21-12-16

ഫണ്ട് : സംരക്ഷണ ഗ്രാന്റ്(റോഡിതരം)

പ്രോഫോർമാ ഇൻവോയ്സ് നമ്പർ/തീയതി: 1084/24-11-16

ആകെ മരുന്നുകളുടെ എണ്ണം : 86

| ഇൻവോയ്സ് നമ്പർ/തീയതി | ലഭ്യമായ മരുന്നുകളുടെ എണ്ണം | തുക(രൂപ) | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 3095/6-1-17 | 33 | 74,813 | 24-1-17 |
| 4348/27-2-17 | 21 | 54,949 | 8-3-17 |
| 4707/18-3-17 | 14 | 1,14,050 | 25-3-17 |
| ആകെ = | | 2,43,812 | |

ഇപ്രകാരം, 1,06,188 രൂപക്കുള്ള മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ലെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (No/തീയതി:5/6-6-17) മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) അറിയിക്കുകയുണ്ടായി.

കൂടാതെ, സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, 8-3-17ന് ലഭ്യമായതായി രേഖപ്പെടുത്തിയ 21 തരം മരുന്നുകളിൽ(Invoice No/date: 4348/27-2-17) ഉൾപ്പെട്ട സപ്തസാരം കഷായം (200 ml x 72 bottle @ 62/- ആകെ തുക: 4464/-) യഥാർത്ഥത്തിൽ ലഭ്യമായിട്ടില്ലെന്ന് വ്യക്തമായി.ടി മരുന്ന് ഔഷധിയിൽ നിന്നും ലഭ്യമായിട്ടില്ലെന്നും ബാക്കി മരുന്നുകളോടൊപ്പം ആയത് കൂടി ലഭ്യമാക്കാമെന്ന് ഔഷധി അറിയിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) അറിയിക്കുകയുണ്ടായി.

(ബി) ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ'

പ്രൊജക്ട് നമ്പർ : SOO91/17

ട്രഷറി ബിൽ നമ്പർ/തീയതി: 4/16-17, 23-2-17

ഫണ്ട് : സംരക്ഷണ ഗ്രാന്റ്( റോഡിതരം)

ടി തുകക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച പ്രകാരം അവശേഷിക്കുന്ന തുകകൾക്കുള്ള മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ അടിയന്തിര നടപടികൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. 2,60,652 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-12 ആശ്രയ പദ്ധതി - ഗ്രാമ പഞ്ചായത്തിന്റെ ഗുരുതരമായ അനാസ്ഥ

ഗ്രാമങ്ങളിലെ നിരാശ്രയരും, നിരാലംബരുമായ കുടുംബങ്ങളുടെ പുനരധിവാസത്തിന് പദ്ധതികൾ ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയ മാർഗരേഖയാണ് ജി ഒ (എം എസ്) 71/2003/ പ്ലാനിംഗ് 12-11-2003. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കി.

ആശ്രയ പദ്ധതി ഒന്നാം ഘട്ടത്തിൽ ( 2003-2006) 476 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 45,16960 രൂപയുടെ പദ്ധതി തയ്യാറാക്കിയെങ്കിലും ഗുണഭോക്താക്കൾക്ക് വേണ്ടി 1057781 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഒന്നാം ഘട്ടത്തിലേക്കായി അടങ്കലിൽ 28,31570 രൂപ ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി വകയിരുത്തിട്ടുണ്ടെങ്കിലും 42000 രൂപ മാത്രമാണ് പദ്ധതിക്ക് വേണ്ടി ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി നൽകിയിട്ടുള്ളത്. ചലഞ്ച് ഫണ്ട് ഇനത്തിൽ 10,00,000 രൂപയും സന്നദ്ധ സേവകർ നൽകിയ ഇനത്തിൽ 4,38,500 രൂപയും ലഭ്യമായിരിക്കെ ഗ്രാമ പഞ്ചായത്ത് വിഹിതം ആനുപാതികമായി അനുവദിക്കാത്തത് തികച്ചും ക്രമ വിരുദ്ധമായ നടപടിയാണ്. അതുകൊണ്ട് തന്നെ പാവപ്പെട്ട ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അവർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാതെ പോയി. തുടർന്ന് 2011-12 വർഷത്തിൽ 715 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 61,84,860 രൂപ അടങ്കലിൽ പദ്ധതി റീവിസിറ്റ് ചെയ്തെങ്കിലും ഗുണഭോക്താക്കൾക്ക് ഭക്ഷണ കിറ്റ് നൽകുന്നതിന് വേണ്ടി 1,05,564 രൂപ മാത്രമാണ് ചെലവഴിച്ചത്. പദ്ധതി റീവിസിറ്റ് ചെയ്തതിന് ശേഷവും പദ്ധതിക്ക് വേണ്ടി ഗ്രാമ പഞ്ചായത്തിൽ നിന്നും തുക അനുവദിച്ചിട്ടില്ല. തുടർസേവന പാക്കേജിൽ അടിസ്ഥനാവശ്യങ്ങൾ നിറവേറ്റുന്നതിനായി തുക വകയിരുത്തിയിരുന്നെങ്കിലും ഫണ്ട് അനുവദിക്കാത്തത് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണ്. വിനിയോഗിച്ച തുടർസേവന പ്രോജക്ടിന്റെ പ്രവർത്തനവും തൃപ്തികരമല്ല. റീവിസിറ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരം താഴെ പറയുന്നു.

| സേവന ഇനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഭക്ഷണം | 80 |
| ചികിൽസ | 202 |
| വിദ്യാഭ്യാസം | 62 |
| സ്വയം തൊഴിൽ | 69 |
| ഭൂമി | 14 |
| വീട് | 31 |
| പെൻഷൻ | 68 |
| വസ്ത്രം | 70 |
| വീട് റിപ്പയർ | 30 |
| കുടിവെള്ളം | 59 |
| കക്കൂസ് | 30 |
| ആകെ | 715 |

ആശ്രയ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനായി ഒരു ഉപസമിതി രൂപീകരിക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ, തദ്ദേശ ഭരണ സെക്രട്ടറി, സി ഡി എസ് ചെയർപേഴ്സൺ, മെഡിക്കൽ ഓഫീസർ, ഐ സി ഡി എസ് സൂപ്പർവൈസർ തുടങ്ങിയവർ അംഗങ്ങളായുള്ള ഉപസമിതി പദ്ധതി പ്രവർത്തനം വിലയിരുത്താനും ആയതിന്റെ റിപ്പോർട്ട് തദ്ദേശ സ്ഥാപനത്തിന്റെ ഭരണ സമിതി പരിശോധിക്കാനും നിർദ്ദേശമുള്ളതാണ്. എന്നാൽ ആശ്രയ പ്രവർത്തനം വിലയിരുത്തലിനായി രൂപീകരിച്ച സമിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആശ്രയ പദ്ധതിക്ക് വേണ്ടിയുള്ള അക്കൗണ്ടിൽ 5,47,082 രൂപ (27.4.16) ബാലൻസ് ഉണ്ട്. (എടരിക്കോട് സർവീസ് സഹകരണ ബാങ്ക് ( SBN- 5658)). ഇതിൽ ചലഞ്ച് ഫണ്ട് വിഹിതമായി നൽകിയതിലെ 3,27,655 രൂപയും ബാക്കി ബാങ്ക് പലിശയും ഉൾപ്പെടുന്നു.

2011-12 ൽ ആശ്രയ പദ്ധതിക്ക് വേണ്ടി തുച്ഛമായ തുക ചെലവഴിച്ചതിന് ശേഷം പിന്നീടുള്ള വർഷങ്ങളിൽ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. ഒന്നാം ഘട്ടത്തിന് വേണ്ടി ആകെ ഗ്രാമ പഞ്ചായത്ത് വിഹിതമായി അനുവദിച്ചത് 42,000 രൂപ മാത്രമാണ്. 119 കുടുംബങ്ങളെ ഉൾപ്പെടുത്തി രണ്ടാം ഘട്ട പ്രോജക്ടിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 715 ഗുണഭോക്താക്കൾ രണ്ടാം ഘട്ട പ്രോജക്ടിൽ ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ട് തന്നെ സമൂഹത്തിലെ നിരാശ്രയരും, നിരാലംബരും ആയ കുടുംബങ്ങൾക്കുള്ള ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടുംബങ്ങൾക്ക് പദ്ധതി ലക്ഷ്യം വച്ച ആനുകൂല്യങ്ങൾ നൽകാതെ കയ്യൊഴിഞ്ഞത് ഗ്രാമ പഞ്ചായത്തിന്റെ

ഭാഗത്തുള്ള ഗുരുതരമായ അനാസ്ഥയാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

ഇത്തരത്തിൽ സംഭവിക്കാനുണ്ടായ കാരണം ചർച്ച ചെയ്യേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ്വീകരിച്ച നടപടികൾ ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3(8) | 2007-08 | 3.8 | ക്ലാരി ഗവ. എൽ പി സ്കൂളിന് ഭൂമി | നടപടികൾ തുടരുന്നു |
| 2011-12,12-13 | പൊതു അവലോകനം | 2014-15 | 4(1)(a) | നിഷ്ക്രിയ ആസ്തികൾ അവലോകനം | |

### 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 36473030 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 32956976 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,16,360 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14,49,889 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 30,360 | ശ്രീ.എം.പി.വേണഗോപാൽ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3.3 | | 86,000 | ശ്രീ വേണഗോപാലൻ, അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് |
| ആകെ | | 1,16,360 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 88,540 | ശ്രീ വി.ബിനുകുമാർ, അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3.2 | 18,413<br>5694 | ശ്രീ വേണഗോപാലൻ, അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് |
| | 10736 | ശ്രീ.കെ.ജയൻ, സെക്രട്ടറി |
| 3.3 | 3,38,000 | ശ്രീ വേണഗോപാലൻ, അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3.4 | 38397 | ശ്രീ സുരേന്ദ്രൻ, അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3.5 | 47,720 | ശ്രീ വേണഗോപാലൻ, അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3.6 | 37862 | ശ്രീ വി.ബിനുകുമാർ, അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3.8 | 5,00,000 | ശ്രീ റോയ് മാത്യൂ, ഹെഡ്മാസ്റ്റർ |
| 3.10 | 1,03,875 | ശ്രീ പി.രഞ്ജിത്ത്, മെഡിക്കൽ ഓഫീസർ(അലോപ്പതി) |
| 3.11 | 2,60,652 | ശ്രീമതി ഡോ.ഉമ വേണഗോപാൽ,മെഡിക്കൽ ഓഫീസർ(ആയുർവേദം) |
| ആകെ | 14,49,889 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ വേണുഗോപാലൻ, അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് | അസി.സെക്രട്ടറി, എടരിക്കോട് ഗ്രാമപഞ്ചായത്ത് | മാത്തുപറമ്പിൽ വീട്, ഈഴുവത്തുരുത്തി(പി ഒ), പൊന്നാനി, മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1999-2000 | എൽ എഫ് എം.15/230/02 തിയ്യതി 25.08.10 | 4 | |
| 2000-01 | എൽ എഫ് എം.17/209/02 തിയ്യതി 25.08.10 | 8 | |
| 2002-03 | എൽ എഫ് എം.13/970/04 തിയ്യതി 20.08.10 | 5 | |
| 2003-04 | എൽ എഫ് എം.17/510/05 തിയ്യതി 25.08.10 | 5 | |
| 2004-05 | എൽ എഫ് എം.10/1958/06 തിയ്യതി 25.08.10 | 1 | |
| 2005-06 | എൽ എഫ് എം.10/1959/07 തിയ്യതി 25.08.10 | 15 | |
| 2006-07 | എൽ എഫ് എം.10/590/09 തിയ്യതി 25.08.10 | 10 | |
| 2007-08 | എൽ എഫ് എം.14/773/12 തിയ്യതി 28.09.12 | 7 | |
| 2008-09 | എൽ എഫ് എം.14/774/12 തിയ്യതി 28.09.12 | 12 | |
| 2009-10 | എൽ എഫ് എം.14/775/12 തിയ്യതി 28.09.12 | 12 | |
| 2010-11 | എൽ എഫ് എം.14/1207/13 തിയ്യതി 30.11.13 | 7 | |
| 2011-12,12-13 | എൽ എഫ് എം.14/3342/14 തിയ്യതി | 10 | |

| | | | |
|---|---|---|---|
| | 14.07.15 | | |
| 2013-14,14-15 | കെ എസ് എ എം പി എം 14/2010/16 തിയ്യതി 03.08.16 | 17 | |
| 2015-16 | കെ എസ് എ എം പി എം 14/3251/16 തിയ്യതി 07.1.17 | 13 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# Annexure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.14/1341 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി. 15-07-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

## Annexure2

## Audit Certificate

No. KSA/MPM.14/1341/2017

Kerala State Audit Department

District Audit Office

Malappuram

E-mail dompm.ksad@kerala.gov.in
Dated:15-07-2017

Certified that I have Audited the Annual Financial Statement of Edarikkode Grama Panchayat in Malappuram District for the year Ended on 31.03.17 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Edarikkode Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT